രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 3


# സഭ : വിശ്വാസികളുടെ സമൂഹം



നീ ജീവനുള്ള ദൈവത്തിന്റെ
പുത്രനായ മിശിഹായാണ്.

ഈശോ സജീവനായ ദൈവത്തിന്റെ
പുത്രനായ മിശിഹായാണെന്ന് ദൈവിക
ശക്തിയാൽ ശിമയോൻ ഏറ്റു പറഞ്ഞു

ഈശോ സജീവ ദൈവത്തിന്റെ
പുത്രനും മിശിഹായു മാണെന്ന്
വിശ്വസിക്കുകയും ഏറ്റുപറയുകയും
ചെയ്യുന്നവ രുടെ സമുഹമാണ് സഭ.



1. വിശ്വാസം ദൈവത്തിന്റെ വിളിക്കുള്ള പ്രത്യുത്തരം
2. ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹം
3. വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങൾ
4. സുവിശേഷപ്രഘോഷണം വിശ്വാസത്തിലേക്കു നയിക്കുന്നു
5. മാനസാന്തരം വിശ്വാസത്തിന്റെ അവശ്യഘടകം
6. വിശ്വാസം നമ്മെ ഐക്യപ്പെടുത്തുന്നു.



## വിശ്വാസം ദൈവത്തിന്റെ വിളിക്കുള്ള പ്രത്യുത്തരം

തന്നെതന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം.

പൂർവപിതാവായ അബ്രാഹത്തിന്റെയും പരിശുദ്ധ മറിയത്തിന്റെയും ജീവിതം യഥാർത്ഥ വിശ്വാസത്തിന്റെ മാതൃകയാണ്.

പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് വിശ്വാസം.

## ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹം

ദൈവത്തിന്റെ അത്യുത്തമ വെളിപാടാണ് ഈശോ.

ദൈവം തന്നെതന്നെ മനുഷ്യനു വെളിപ്പടുത്തിയത് ഈശോയിലുടെയാണ്.

ഈശോയിൽ ദൈവത്തെ ദർശിച്ച് അവിടുത്തെ സ്നേഹിച്ച് അവിടുന്നിലുള്ള വിശ്വാസം ഏറ്റുപറയുന്നവരുടെ സമൂഹമാണ് സഭ.

ദൈവഹിതത്തിന് തന്നെതന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നതാണ് യഥാർത്ഥ വിശ്വാസം.

## വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങൾ

1. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം
2. ദൈവം വെളിപ്പെടുത്തിയ കാര്യങ്ങളുടെ പൂർണമായ സ്വീകരണം
3. മനുഷ്യന്റെ പരിപൂർണമായ അനുസരണവും സമർപ്പണവും
4. വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും ശക്തിപ്പെടുത്തുന്നതും ദൈവമാണെന്നുള്ള ബോധ്യം.
5. വിശ്വാസം മനുഷ്യന്റെ പ്രത്യുത്തരമായിരിക്കുന്നതോടൊപ്പം ദൈവത്തിന്റെ സൗജന്യ ദാനവുമാണെന്നുള്ള അവബോധം.



## സുവിശേഷപ്രഘോഷണം

## വിശ്വാസത്തിലേക്കു നയിക്കുന്നു.

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും.



## മാനസാന്തരം വിശ്വാസത്തിന്റെ അവശ്യഘടകം

ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ. തെറ്റായ വഴികളിൽ നിന്നും മാറി സുവിശേഷത്തിന്റെ പാതയിലൂടെ നടക്കാനുള്ള ഉറച്ച തീരുമാനമാണ് മാനസാന്തരം.



# വിശ്വാസം നമ്മെ ഐക്യപ്പെടുത്തുന്നു

സഭാകൂട്ടായ്മയിലേക്ക് ഒരാൾ പ്രവേശിക്കുന്നത്

മാമ്മോദീസാ എന്ന കൂദാശയിലൂടെയാണ്.



ദൈവവചനം വായിക്കാം

ധ്യാനിക്കാം

(അപ്പ 2:1-47)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**ഈശോ കർത്താവാണ് എന്ന് അധരം കൊ് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും.** (റോമാ.10:9)

# നമുക്കു പ്രാർത്ഥിക്കാം

മാമ്മോദീസായിലൂടെ ഞങ്ങൾക്ക് തിരുസഭയിൽ ജന്മം നൽകിയ കർത്താവേ, വിശ്വാസത്താലും സ്നേഹത്താലും സഭയുടെ കൂട്ടായ്മയിൽ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

# എന്റെ തീരുമാനം

**ഈശോയിലുള്ള വിശ്വാസം പ്രകടിപ്പിക്കുവാൻ ലഭിക്കുന്ന ഒരവസരവും ഞാൻ നഷ്ടപ്പെടുത്തുകയില്ല.**

Thank you